# എം.റ്റി.യു.പി.എസ്

## തൃക്കുന്നപ്പുഴ



# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

# ആമുഖം

## തൃക്കുന്നപ്പുഴ എം.റ്റി.യു.പി സ്കൂൾ

സുവിശേഷ പ്രസംഗസംഘത്തിന്റെ ആഭിമുഖ്യത്തിൽ കടൽതീര മിഷനിൽ ആദ്യമായി സുവിശേഷ വേല ആരംഭിച്ചത് തൃക്കുന്നപ്പുഴയിലാണ്. കൊല്ലവർഷം 1086–ൽ അയിരൂർ റ്റി വി ചെറിയാൻ ഉപദേശി, പി ഈ കൊച്ചുഞ്ഞ് ഉപദേശി എന്നിവർ സുവിശേഷത്തിന്റെ അഭിവൃദ്ധിക്ക് വിദ്യാഭ്യാസം അത്യന്താപേക്ഷിതമാണെന്ന് ഗ്രഹിക്കുകയും മൂന്ന് കുട്ടികളോടു കൂടി ഒരു പള്ളിക്കൂടം ആരംഭിക്കുകയും ചെയ്തു. 1091–ൽ രണ്ടു ക്ലാസ്സുള്ള ഒരു പള്ളിക്കൂടം ചെറുകാട്ട് മി:മൂത്തകുഞ്ഞ് അരയന്റെ അനുവാദത്തോടുകൂടി അദ്ദേഹത്തിന്റെ സ്വന്തം പുരയിടത്തിൽ ഷെഡ്കെട്ടി തുടങ്ങി. 1091–ൽ മി:ജി ജോസഫിനെയും 1092–ൽ മി: കെ ജെ വർഗ്ഗീസിനെയും അധ്യാപക സുവിശേഷകരായി നിയമിച്ചു. 1092 ഇടവത്തിൽ ഇ എ വി സ്കൂളിന് ഗവൺമെന്റ് അംഗീകാരം ലഭിച്ചു. ശ്രീ.ജി.ജോസഫിന്റെ നേതൃത്വത്തിൽ നാലുക്ലാസ്സുള്ള ഒരു പൂർണ്ണ പ്രൈമറി സ്കൂളായി അഭിവൃദ്ധി പ്രാപിച്ചു. ശ്രീ. ജി ജോസഫ് 1106 വരെ സ്കൂൾ ഹെഡ്മാസ്റ്ററായിരിക്കുകയും അതിനുശേഷം എരിക്കാവ് സ്കൂളിലേക്ക് സ്ഥലം മാറ്റപ്പെടുകയും ശ്രീ.കെ.ജെ വർഗ്ഗീസ് ഹെഡ്മാസ്റ്ററായി നിയമിതനാകുകയും ചെയ്തു. 1/14 മുതൽ 1/18 വരെയുള്ള വർഷങ്ങളിൽ തൃക്കുന്നപ്പുഴ സുവിശേഷ വേലയുടെ ഫലമായി അവിടെയുള്ള പ്രധാന കുടുംബങ്ങളിൽ ചില അംഗങ്ങൾ സ്നാനപ്പെട്ട് സഭയിൽ ചേർന്നതോടെ സ്ഥലവാസികളുടെ എതിർപ്പ് ഉണ്ടാകുകയും 1116–ൽ സർ സി പി രാമസ്വാമി അയ്യരുടെ ഭരണകാലത്ത് സ്കൂളിന്റെ അംഗീകാരം പിൻവലിക്കുകയും ചെയ്തു. മി.കെ.ജെ വർഗ്ഗീസിനെ സുവിശേഷകനായി വീണ്ടും നിയമിക്കുകയും ചെയ്തു.

സ്കൂളിന്റെ അംഗീകാരം പിൻവലിച്ചെങ്കിലും ചുറ്റുപാടുമുള്ള കുട്ടികൾക്ക് സാക്ഷരത്വം കൊടുക്കുന്നതിനും മതബോധനം നൽകുന്നതിനുമായി സുവിശേഷ സംഘത്തിന്റെ സഹായത്തോടുകൂടി വിദ്യാലയ പ്രവർത്തനം ഒരു പ്രൈവറ്റ് സ്കൂളായി നടത്തിപ്പോന്നു. അനേകരുടെ പ്രാർത്ഥനയുടെയും പരിശ്രമത്തിന്റെയും ഫലമായി 1950 ജൂൺ മാസത്തിൽ ഒരു മിഡിൽ സ്കൂൾ നടത്തുന്നതിന് അനുവാദം ലഭിച്ചു. അതിനുവേണ്ടി പി ഒ ശാമുവേൽ, റവ:കെ സി ജോർജ്ജ് എന്നിവരുടെ പേരുകൾ പ്രസ്താവ്യമാണ്. ശ്രീമാൻമാരായ പി എം ഉമ്മൻ, എം ഐസക്, ജെ കോശി, കെ റ്റി കോശി, കെ എസ് ജോർജ്ജ്, എം ചെറിയാൻ, പി റ്റി യോഹന്നാൻ, ജോർജ്ജ് വർഗ്ഗീസ്, ജെ.ജോർജ്ജ് എന്നിവർ വിവിധ കാലയളവിൽ ഈ സ്കൂളിന്റെ ഭരണസാരഥികളായി ഇരുന്ന് ഈ സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് വളരെ സഹായിച്ചിട്ടുണ്ട്.

പ്രൈമറി സ്കൂളിനുവേണ്ടി ഉപയോഗിച്ചിരുന്ന കെട്ടിടങ്ങൾ കൂടാതെ 1967-ൽ സുവിശേഷ സംഘത്തിന്റെ സഹായത്തോടെ ൽ 60' x 20' ഒരുകെട്ടിടം പണിതീർത്തിട്ടു ണ്ട്. എന്നാൽ പഴയ കെട്ടിടങ്ങൾ ബലപ്പെടുത്തുകയോ പുതുക്കി പണിയുകയോ ചെയ്യേണ്ടിയിരിക്കുന്നു. ഇപ്പോൾ ഒരു കെട്ടിടം പണിയുന്നതിനുള്ള ശ്രമങ്ങൾ നടന്നുവ രുന്നു.

കാർത്തികപ്പള്ളി താലൂക്കിൽ തൃക്കുന്നപ്പുഴ പഞ്ചായത്തിൽ തൃക്കുന്നപ്പുഴ ജംഗ്ഷ നോട് ചേർന്ന് അറബിക്കടലിന്റെ തീരത്ത് സ്ഥിതിചെയ്യുന്ന സ്കൂളാണ് തൃക്കുന്നപ്പുഴ എം റ്റി യു പി സ്കൂൾ. തീരദേശത്ത് വസിക്കുന്നവരുടെയും മത്സ്യബന്ധനത്തിൽ ഏർപ്പെ ടുന്നവരുടെയും മക്കളാണ് കൂടുതലും ഈ സ്കൂളിൽ പഠിക്കുന്നത്. റിട്ട.പ്രൊഫ.സദാ ശിവൻ സാർ, ഡോ.ഷെഫീഖ് എന്നിവരെക്കൂടാതെ വിവിധ ഡിപ്പാർട്ട്മെന്റുകളിൽ ജോലി ചെയ്യുന്ന അനേകം വ്യക്തികൾ ഈ സ്കൂളിന്റെ പൂർവ്വ വിദ്യാർത്ഥികളായുണ്ട്. കുട്ടിക ളുടെ അഭാവം മൂലമോ മറ്റേതെങ്കിലും കാരണത്താലോ നിർത്താലാക്കിയ സ്കൂളുകൾ സമീപത്തില്ല. സ്കൂളിന്റെ വിലാസം - എം റ്റി യു പി എസ് തൃക്കുന്നപ്പുഴ, തൃക്കുന്നപ്പു ഴ.പി.ഒ., 690515, mtupstpza@gmail.com, Land phone number 0479 2482818, ഹെഡ്മാസ്റ്റർ ശ്രീ.എം പി തോമസ് (8921214395) അടുത്ത് കോർപ്പറേറ്റ് മാനേജ്മെന്റിൽ ഉൾപ്പെട്ട മറ്റു സ്കൂളുകൾ ഒന്നും തന്നെയില്ല. കാർത്തികപ്പള്ളി മാർത്തോമ്മ ഇടവക യുടെ വികാരിയായ റവ.സിബു എബ്രഹാം മാത്യു (8075019495) ലോക്കൽ മാനേജരാ യും, എൽ എ സിയുടെ പ്രസിഡന്റായും പ്രവർത്തിക്കുന്നു. ഇടവകയുടെ ചരിത്രത്തിൽ തൃക്കുന്നപ്പുഴ എം റ്റി യു പി സ്കൂളിന്റെ റിപ്പോർട്ടും ചേർത്തിട്ടുണ്ട്.

ഇപ്പോൾ (2017 ജൂൺ മുതൽ) ഹെഡ്മാസ്റ്റർ ശ്രീ എം പി തോമസും 9 അധ്യാപ കരും ഒരു ഓഫീസ് സ്റ്റാഫും ഉൾപ്പടെ 10 സ്റ്റാഫാണുള്ളത്. 5, 6, 7 എന്നീ ക്ലാസ്സുകളിലെ 6 ഡിവിഷനുകളിലായി 133 കുട്ടികൾ പഠനം നടത്തുന്നു. റവ.ഐസക് മാത്യു പ്രസി ഡന്റായി മികച്ച ഒരു എൽ എ സി പ്രവർത്തിക്കുന്നുണ്ട്. സമീപ ഇടവകകളുടെ സഹക രണത്തോടുകൂടി പല സാമൂഹിക പ്രവർത്തനങ്ങളും നടത്തുന്നു. തൃക്കുന്നപ്പുഴ മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ആരംഭിച്ച ഈ സ്കൂൾ ഇന്നും ആ വീക്ഷണത്തിൽ തുട രുന്നു. മുൻ അധ്യാപകർ കാട്ടിത്തന്ന പാതയിലൂടെ മുന്നേറാൻ ഇന്നത്തെ അധ്യാപകരും ശ്രമിച്ചുകൊണ്ടിരിക്കുന്നു.

# PROFILE

| | | |
|---|---|---|
| Name of School | : | **MTUP School Thrikkunnapuzha** |
| Date of establishment | : | 1950 |
| Name of Village | : | Thrikkunnapuzha |
| Name of Cluster | : | GLPS Thrikkunnapuzha |
| Name of Panchayath | : | Thrikkunnapuzha |
| Name of Block | : | Haripad |
| Name of BRC with | : | Ambalapuzha |
| Phone Number | : | 0477 - 2273556 |
| Name of District | : | Alappuzha |
| Name of Sub District | : | Ambalapuzha |
| Name of Headmaster | : | M.P.Thomas |
| Mobile Number | : | 8921214395 |
| Senior Assistant | : | Shyni Jacob |
| Email ID | : | mtupstpza@gmail.com |
| Blog | : | MTUP@Blogspot.com |
| School Code Number | : | 35348 |
| Name of Taluk | : | Karthikappally |
| School Manager | : | Kuruvilla Mathew |
| Mobile Number | : | 9446962407 |
| PTA President | : | Smt.Sumayya.A |
| School Leader | : | Master.Muhammed Soufan.L |

## ഭിന്നശേഷിയുള്ള കുട്ടികളുടെ പട്ടിക

| ക്ലാസ്സ് | വി.ഐ | എച്ച്.ഐ | എം.ആർ | ഓട്ടിസം | പഠന വൈകല്യം | അംഗ പരിമിതി | ആകെ |
|---|---|---|---|---|---|---|---|
| V | 1 | – | – | – | – | 1 | 1 |
| VI | | | | | | | |
| VII | 1 | 1 | | | 1 | | 3 |
| ആകെ | 2 | 1 | | | 1 | 1 | 4 |

## നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| 1. ക്ലാസ്സ് മുറി | 10 | – |
| 2. ആൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 2 | – |
| 3. പെൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 10 | – |
| 4. കിണർ | – | – |
| 5. ലൈബ്രറി | – | 1 |
| 6. ചുറ്റുമതിൽ | ഭാഗികം | ബാക്കി |
| 7. കളിസ്ഥലം | ഉണ്ട് | – |
| 8. അടുക്കള | 1 | – |
| 9. കമ്പ്യൂട്ടർ ലാബ് | 1 | – |
| 10. റീഡിംഗ് റൂം | – | 1 |
| 11. സ്കൂൾ ബസ് | – | – |
| 12 വിഷയ ലാബുകൾ | – | 1 |
| 13 സ്റ്റേജ് | – | 1 |
| 14 കമ്പ്യൂട്ടർ | 1 | 4 |
| 15 ലാപ്ടോപ്പ് | 5 | 5 |

## പൊതുവിശകലനം

തൃക്കുന്നപ്പുഴയിൽ 1950 കാലഘട്ടത്തിലാണ് ഈ വിദ്യാലയം രൂപീകരിക്കുന്നത്. 5 മുതൽ 7 വരെ ക്ലാസ്സുകളാണ് പ്രവർത്തിക്കുന്നത്. തൃക്കുന്നപ്പുഴ, പതിയാങ്കര, മംഗലം, ആറാട്ടുപുഴ, പള്ളിപ്പാട്ടുമുറി, പാനൂർ, പല്ലന, വലിയപറമ്പ് എന്നിവിടങ്ങളിലെ ജനങ്ങൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള ആശ്രയം ഈ വിദ്യാലയം ആയിരുന്നു.

തൃക്കുന്നപ്പുഴ പഞ്ചായത്തിലെ 10-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയത്തിൽ 5, 6, 7 ക്ലാസ്സുകളിലായി ഇപ്പോൾ ............ കുട്ടികൾ പഠിക്കുന്നു. ഹെഡ്മാസ്റ്റർ ഉൾപ്പടെ 9 അധ്യാപകരും ഓഫീസ് അറ്റന്റന്റും ഇവിടെ ജീവനക്കാരായി പ്രവർത്തിക്കുന്നു. കലാകായിക പ്രവർത്തനങ്ങളിലും അക്കാദമിക പ്രവർത്തനങ്ങളിലും ഈ വിദ്യാലയം മികച്ച നിലവാരം പുലർത്തുന്നു. ഈ സ്കൂളിലേയ്ക്ക് വരുന്നത് പ്രധാനമായും തൊട്ടടുത്ത് പ്രവർത്തിക്കുന്ന വിദ്യാലയങ്ങളായ ജി.എൽ.പി.എസ് തൃക്കുന്നപ്പുഴ, ജി.എൽ.പി.എസ് മംഗലം എന്നിവിടങ്ങളിലെ വിദ്യാർത്ഥികളാണ്. 5, 6, 7 ക്ലാസ്സുകളിൽ ഇംഗ്ലീഷ് മീഡിയം ബാച്ചും പ്രവർത്തിക്കുന്നു.

## ലക്ഷ്യങ്ങൾ

- ഓരോ ക്ലാസ്സുകളിലും ഓരോ വിഷയവുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടികളിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കുന്നതിനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും സാധ്യമാക്കുക.
- മുഴുവൻ ക്ലാസ്സുകളിലും ഐ.സി.ടി സാധ്യത ഉറപ്പുവരുത്തുക
- പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
- പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസ്സുകളും പഠനതന്ത്രങ്ങളും ആവിഷ്ക്കരിക്കുക
- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക.

- മുഴുവൻ കുട്ടികൾക്കും ശാസ്ത്രപഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകുംവിധം ലാബുകൾ സജ്ജമാക്കുക.
- ലഘുപഠനയാത്രകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- പുതിയ തലമുറയിൽ കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കുക
- ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക, അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാൻമാരാക്കുക.
- പ്ലാസ്റ്റിക്ക് മുക്തവിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക
- ജൈവവൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക, കൂടുതൽ മെച്ചപ്പെടുത്തുക.
- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- പ്രാദേശികമായി ലഭ്യമായ വിഭവങ്ങളെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുക
- കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക
- മാലിന്യസംസ്ക്കരണത്തിന് സാധ്യമായ വിവിധ മാർഗ്ഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക
- ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക
- കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ടാലന്റ് ലാബ് എന്ന ആശയം നടപ്പിലാക്കുക
- ആഗസ്റ്റ് മാസം മുതൽ പഠനം പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പഠന പരിഹാര ബോധനം നൽകുക.

## അധ്യാപകരും - വിവരങ്ങളും

**2025 - 2026**

| അധ്യാപകന്റെ പേര് | സബ്ജക്ട് കൗൺസിൽ | ക്ലബ്ബ് ചുമതല |
|---|---|---|
| 1. എം.പി.തോമസ് | ഹെഡ്മാസ്റ്റർ | |
| 2. ഷൈനി ജേക്കബ്ബ് | ഹിന്ദി | സീനിയർ അസിസ്റ്റന്റ്<br>ഹിന്ദി ക്ലബ്ബ് |
| 3. സോമിനി ചാക്കോ | മലയാളം | ഉച്ചഭക്ഷണം<br>വിദ്യാരംഗം |
| 4. ഷൈല ജേക്കബ്ബ് | സാമൂഹ്യശാസ്ത്രം | സാമൂഹ്യശാസ്ത്രം |
| 5. അനിതമാത്യു | ഗണിതം | സ്റ്റാഫ് സെക്രട്ടറി<br>ഗണിതം |
| 6. ജിഷ അനു ജെയിംസ് | അടിസ്ഥാന ശാസ്ത്രം | സയൻസ്, ശാസ്ത്രരംഗം |
| | | Students savings scheme |
| 7. ശ്രുതി സൈമൺ | സംസ്കൃതം | Eco Club, സംസ്കൃതം<br>IT ലൈബ്രറി |
| 8. സഫിയത്ത്.ഐ | അറബിക് | SRG, Health Club<br>അറബിക്, ഗാന്ധി ദർശൻ |
| 9. രഞ്ജു എൽസ മാമ്മൻ | ഇംഗ്ലീഷ് | IT, ഇംഗ്ലീഷ് |
| 10. സന്ധ്യ.എസ് | മലയാളം | മലയാളം<br>ഹെൽപിംഗ് ഹാൻഡ്<br>സ്കൂൾ സുരക്ഷ,<br>Students savings scheme |

## 2025-26 അധ്യയന വർഷത്തെ തനത് പ്രവർത്തനങ്ങൾ

- പഠന-പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പരിഹാര ബോധന ക്ലാസ്സുകൾ
- മധുരം മലയാളം - സ്കൂളിലെ എല്ലാ കുട്ടികളെയും മാതൃഭാഷ എഴുതാനും വായിക്കാനും പ്രാപ്തരാക്കുന്നതിനായുള്ള പരിപാടി.
- കുട്ടികളിലെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി രണ്ടു മാസത്തിലൊരിക്കൽ കൗൺസലിംഗ് ക്ലാസ്സ്
- എന്റെ കുട്ടിയെ അറിയാൻ - ഓണപ്പരീക്ഷയ്ക്ക് ശേഷം എല്ലാ കുട്ടികളുടെയും ഭവനം സന്ദർശിക്കുന്ന പരിപാടി
- സെപ്റ്റംബർ മുതൽ യു.എസ്.എസ് പരിശീലനം
- വിജ്ഞാനക്കളരി - കുട്ടികൾക്ക് ദിവസവും 5 ചോദ്യങ്ങൾ വീതം നൽകി മാസാവസാനം മത്സരം നടത്തി വിജയിയെ തെരഞ്ഞെടുക്കുന്നു.
- എല്ലാ വിഷയങ്ങളിലും കുട്ടി ടീച്ചർ
- ഇംഗ്ലീഷ് ഭാഷാ ശേഷി വികസിപ്പിക്കുന്നതിനായി ക്ലാസ്സുകളിൽ Five minutes talk
- അറബിക് ഭാഷാ ശേഷി വികസിപ്പിക്കുന്നതിനായി അറബിക് ഡെയിലി ഡയറി

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ഭാഗമായി കുട്ടികളിൽ ധാർമ്മിക മൂല്യങ്ങൾ ഉറപ്പിക്കുന്നതിനായി ജൂൺ 3 മുതൽ 13 വരെ സ്കൂളുകളിൽ സന്മാർഗ പഠനം നടത്തണമെന്ന ഗവൺമെന്റ് നിർദ്ദേശം അനുസരിച്ച് നമ്മുടെ സ്കൂളിലും താഴെപറയുന്ന ടൈംടേബിൾ പ്രകാരം ക്ലാസ്സ് നടത്തുകയുണ്ടായി.

## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി നടന്ന വിവിധ സൻമാർഗ്ഗ പഠന പ്രവർത്തനങ്ങൾ

| | |
|---|---|
| 03-06-2025 | പൊതുകാര്യങ്ങൾ, മയക്കുമരുന്ന്/ലഹരി ഉപയോഗത്തിനെതിരെ |
| 04-06-2025 | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ/സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ/ട്രാഫിക്ക് നിയമങ്ങൾ |
| 05-06-2025 | വ്യക്തിശുചിത്വം, പരിസര ശുചിത്വം, ഹരിത ക്യാമ്പസ്, സ്കൂൾ സൗന്ദര്യവത്ക്കരണം |
| 09-06-2025 | ആരോഗ്യം, വ്യായാമം, കായികക്ഷമത |
| 10-06-2025 | ഡിജിറ്റൽ അച്ചടക്കം |
| 11-06-2025 | പൊതുമുതൽ സംരക്ഷണം |
| 12-06-2025 | പരസ്പര സഹകരണത്തിന്റെ പ്രാധാന്യം, റാഗിങ്, വൈകാരിക നിയന്ത്രണമില്ലായ്മ |
| 13-06-2025 | പൊതുക്രോഡീകരണം |

## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി നടന്ന വിവിധ സൻമാർഗ്ഗ പഠന പ്രവർത്തനങ്ങൾ

30-06-2025 പൊതുകാര്യങ്ങൾ, മയക്കുമരുന്ന്, ലഹരി ഉപയോഗത്തിനെതിരെ

ലഹരിക്കെതിരായ മനോഭാവം കുട്ടികളിൽ ഉളവാക്കുന്നതിനായും ലഹരി ഒരിക്കലും ഉപയോഗിക്കില്ല എന്ന നിലപാട് കുട്ടികളിൽ ഉണ്ടാവാനും ആവശ്യമായ പ്രവർത്തനങ്ങൾ നടന്നു. ഇതുമായി ബന്ധപ്പെട്ട ക്ലാസ്സ് ശ്രുതി ടീച്ചർ വീഡിയോയിലൂടെയും സ്ലൈഡ് പ്രസന്റേഷനിലൂടെയും ഫലവത്തായ രീതിയിൽ കുട്ടികളിൽ എത്തിച്ചു. ജീവിതത്തിൽ ലഹരി ഒരിക്കലും ഉപയോഗിക്കില്ല എന്ന് കുട്ടികളെക്കൊണ്ട് പ്രതിജ്ഞ ചെയ്യിപ്പിച്ചു.

**04-06-2025 റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ/ സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ, ട്രാഫിക്ക് നിയമങ്ങൾ**

ട്രാഫിക്ക് നിയമങ്ങൾ, റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ എന്നിവ ഷോർട്ട് വീഡിയോയിലൂടെയും ആകർഷകമായ ഗെയിമുകളിലൂടെയും സന്ധ്യ ടീച്ചർ കുട്ടികൾക്ക് ക്ലാസ്സ് നൽകി.

05-06-2025 വ്യക്തിശുചിത്വം, പരിസര ശുചിത്വം, ഹരിതക്യാമ്പസ്സ്, സ്കൂൾ സൗന്ദര്യവൽക്കരണം എന്നീ വിഷയങ്ങളിൽ കുട്ടികൾക്ക് അറിവ് നൽകുന്നതിനായി AI വീഡിയോസിന്റെ സഹായത്തോടെ ശ്രുതി ടീച്ചർ ക്ലാസ്സ് എടുത്തു.

**09-06-2025 ആരോഗ്യം, വ്യായാമം, കായിക ക്ഷമത**

ആരോഗ്യം, കായികക്ഷമത, വ്യായാമം എന്നീ വിഷയങ്ങളെക്കുറിച്ച് കായിക അധ്യാപിക ശ്രീജ ടീച്ചർ ക്ലാസ്സ് നയിച്ചു. കുട്ടികളിൽ ഉണ്ടാകേണ്ട ദിനചര്യയെക്കുറിച്ചും വ്യക്തിശുചിത്വത്തെക്കുറിച്ചും വിശദീകരിച്ചു.

**10-06-2025 ഡിജിറ്റൽ അച്ചടക്കം**

കുട്ടികളിൽ ഡിജിറ്റൽ ഉപകരണങ്ങളും സാമൂഹിക മാധ്യമങ്ങളും ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, മൊബൈൽ ഫോൺ കൂടുതലായി ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചും വീഡിയോയിലൂടെയും സ്ലൈഡ് പ്രസന്റേഷനിലൂടെയും ശ്രുതി ടീച്ചർ ക്ലാസ്സ് നയിച്ചു.

**11-06-2025 പൊതുമുതൽ സംരക്ഷണം**

പൊതുമുതൽ സംരക്ഷണവും അതിന്റെ ആവശ്യകതയും അനിവാര്യതയും എന്താണെന്ന് കുട്ടികളെ ബോധ്യപ്പെടുത്തുന്നതിനുള്ള ബോധവത്ക്കരണ ക്ലാസ്സ് സ്കൂൾ ഹെഡ്മാസ്റ്റർ നയിച്ചു. ഇതുവരെ നടന്ന ക്ലാസ്സുകളുമായി ബന്ധപ്പെട്ട പ്ലക്കാർഡുകളും ചാർട്ടുകളും തയ്യാറാക്കുന്നതിനുള്ള തുടർപ്രവർത്തനവും നൽകി.

**12-06-2025 പരസ്പര സഹകരണത്തിന്റെ പ്രാധാന്യം, റാഗിംഗ് വൈകാരിക നിയന്ത്രണമില്ലായ്മ**

പരസ്പര സഹകരണത്തിന്റെ പ്രാധാന്യം തിരിച്ചറിയാനുള്ള ഷോർട്ട് ഫിലിം, കഥ എന്നിവ തിരിച്ചറിയാനുള്ള ഷോർട്ട് ഫിലിം, കഥ എന്നിവ പ്രൊജക്ടറിൽ കാണിച്ചുകൊണ്ട് ചർച്ച സംഘടിപ്പിച്ചു. കുട്ടികളുടെ അനുഭവങ്ങൾ പങ്കുവയ്ക്കാൻ അവസരം നൽകി. അതിനുശേഷം മൊഡ്യൂൾ പ്രകാരമുള്ള മൂന്ന് കേസുകളുടെ അടിസ്ഥാനത്തിൽ ചർച്ച സംഘടിപ്പിച്ചു. പരസ്പര സഹകരണം വ്യക്തി ജീവിതത്തിനും അനിവാര്യമാണ്. ഗുണനിലവാരമുള്ള ജീവിതം എല്ലാവർക്കും ഉറപ്പുവരുത്താൻ ഇതിലൂടെ സാധിക്കുമെന്ന് ഷൈനി ടീച്ചർ ക്രോഡീകരിച്ചു.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## സാമൂഹ്യശാസ്ത്രം

2025 – 2026

ക്ലാസ്സ് 5, 6, 7

# സാമൂഹ്യശാസ്ത്രം

## ലക്ഷ്യങ്ങൾ

- ➔ ചരിത്രബോധം വളർത്തിയെടുക്കൽ
- ➔ തെളിവുകളുടെ അടിസ്ഥാനത്തിൽ ചരിത്രപഠനം
- ➔ ചരിത്രശേഷിപ്പുകൾ സംരക്ഷിക്കുന്നതിനുള്ള അവബോധം
- ➔ തെരഞ്ഞെടുപ്പ് പ്രക്രിയ തിരിച്ചറിയൽ
- ➔ ജനാധിപത്യബോധവും പൗരധർമ്മവും വളർത്തൽ
- ➔ സംവാദാത്മക പഠനത്തിലൂടെ വിവിധ സാമൂഹ്യ വിഷയങ്ങളിൽ പ്രതികരിക്കുന്നു
- ➔ പ്രകൃതി ദുരന്തങ്ങളെ മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള മനോഭാവം വളർത്തിയെടുക്കൽ
- ➔ സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു.
- ➔ വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗത്തെക്കുറിച്ചും, റോഡ് സുരക്ഷയെക്കുറിച്ചും ബോധവാൻമാരാക്കുന്നു.
- ➔ ഗ്ലോബ് നിർമ്മാണ ശേഷി
- ➔ സാമൂഹ്യശാസ്ത്ര ലാബ് നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | അങ്കത്തട്ട് - കളിയിൽ നിന്ന് കാര്യത്തിലേക്ക് സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രവർത്തനങ്ങൾ നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| * പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | ഐ സി ടി സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| *തെളിവുകളുടെ അടിസ്ഥാനത്തിൽ ചരിത്ര പഠനം, ചരിത്രശേഷിപ്പുകൾ സംരക്ഷിക്കുന്നതിനുള്ള അവബോധം | പുരാവസ്തു പ്രദർശനം, സ്കൂൾ മ്യൂസിയം തയ്യാറാക്കൽ | ജൂൺ ജൂലൈ ആഗസ്റ്റ് സെപ്റ്റംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ പി ടി എ | |
| *ജനാധിപത്യ പരമായ ജീവിതസമീപനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക് ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ പി ടി എ | |
| *ജനാധിപത്യ സമ്പ്രദായത്തിലെ വിവിധ ഘടകങ്ങൾ തിരിച്ചറിഞ്ഞ് അതിൽ പങ്കാളിയാകുന്നു | തെരഞ്ഞെടുപ്പ് പ്രക്രിയ | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ സാമൂഹ്യശാസ്ത്ര ക്ലബ്ബ് | |
| *പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാൻമാരാക്കുന്നു | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാൻമാരാക്കു കയും ചെയ്യുന്നു. | ജൂലൈ ആഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകർ സാമൂഹ്യശാസ്ത്ര ക്ലബ്ബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നമ്മുടെ നുറുങ്ങുവെട്ടം പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, വ്യക്തികൾ എന്നിവയെക്കുറിച്ച് മനസ്സിലാക്കുകയും മിതവ്യയശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിതർക്ക് നൽകി ആശ്വാസ ഹസ്തമാകുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | പി ടി എ |
| *ഭൂപട വായനശേഷി സംവാദാത്മക പഠനത്തിലൂടെ സാമൂഹ്യപ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പ്രതികരിക്കുന്നു. ഭൂപടവായനശേഷി വളർത്തൽ, ഭൂപടം, ഗ്ലോബ് നിർമ്മാണ നൈപുണി നേടൽ | ഭൂപടവുമായി ബന്ധപ്പെട്ട കളികൾ<br>അറ്റ്ലസ് നിർമ്മാണം<br>ഗ്ലോബ് നിർമ്മാണം | സ്കൂൾ വർഷം ഡിസംബർ ജനുവരി | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| *ലാബ് നവീകരണത്തിലൂടെ സാമൂഹ്യശാസ്ത്ര അവബോധം | ലാബ് ആകർഷകമാക്കൽ<br>നിശ്ചല മാതൃകകൾ<br>പ്രവർത്തന മാതൃകകൾ | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | |
| *വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാൻമാരാക്കുന്നു. | സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക്ക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗണിതം

## 2025 – 2026

## ക്ലാസ്സ് 5, 6, 7

## ഗണിതം

### ലക്ഷ്യങ്ങൾ

- ചതുഷ് ക്രിയകളിലെ ആശയങ്ങൾ (കൂട്ടൽ, കുറയ്ക്കൽ, ഗുണിക്കൽ, ഹരിക്കൽ) ഇവ ഉറപ്പിയ്ക്കൽ
- സംഖ്യകളുടെ തിരിച്ചറിയൽ, താരതമ്യം, വലുത്, ചെറുത്, ഭിന്നസംഖ്യ ഉറപ്പിയ്ക്കൽ
- ജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾക്ക് പരിഹാരം കാണൽ
- ജ്യാമിതീയ രൂപങ്ങളെ തിരിച്ചറിയാനും വരയ്ക്കാനുമുള്ള കഴിവ് നേടൽ
- ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കാനുള്ള ശേഷി നേടൽ
- രസകരമായ ഗണിതശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും
- ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ
- മികവ് പുലർത്തുന്ന കുട്ടികൾക്ക് അധിക പരിശീലനത്തിലൂടെ ഉയർന്ന നിലവാരം എത്തിയ്ക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | **ഗണിത ശില്പശാല** കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മുത്തുകൾ ഉപയോഗിക്കുന്നു) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| * ഗണിതപഠനം ഉറപ്പിയ്ക്കുന്നതിനും | **ഗണിത നിഘണ്ടു** ക്ലാസ്സുകളിലെ പാഠഭാഗവുമായി ബന്ധപ്പെട്ട് വിവരശേഖരണം നടത്തി ക്ലാസ്സ്തലത്തിലും വ്യക്തിഗതമായും തയ്യാറാക്കുന്നു | ജൂൺ - മാർച്ച് | ഗണിത അധ്യാപകർ | |
| *രസകരമായി ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | **ഒറിഗാമി ശില്പശാല** ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു അവയുടെ ഗണിതസവിശേഷതകൾ പട്ടികപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| *ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | *വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| *ചതുഷ്ക്രിയകളിലെ ആശയം ഉറപ്പിയ്ക്കൽ | കൂട്ടൽ, കുറയ്ക്കൽ, ഗുണിക്കൽ, ഹരിക്കൽ എന്നീ ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. (വർക്ക് ഷീറ്റുകൾ, കാർഡുകൾ) | ജൂൺ | | |
| *ഗണിതശാസ്ത്ര പ്രതിഭകളെ കണ്ടെത്തുന്നു | **ക്ലാസ്സ് ലൈബ്രറിയിലൂടെ** ഗണിതത്തിലെ പുസ്തകങ്ങളെ പരിചയപ്പെടുന്നതിനും ഗണിത ശാസ്ത്ര പ്രതിഭകളെ കണ്ടെത്തുന്നതിനും | മാസത്തിൽ ഒരിക്കൽ | ഗണിത അധ്യാപകർ ലൈബ്രേറിയൻ | |
| *ആധുനികശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ ടി സാധ്യതകളിലൂടെ** ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ പോലുള്ള പ്രവർത്തനങ്ങൾ, ഐ ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിയ്ക്കാൻ എളുപ്പത്തിൽ കഴിയുന്നു | മാസത്തിൽ ഒരിക്കൽ | ഗണിത അധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## അടിസ്ഥാനശാസ്ത്രം

2025 – 2026

## ക്ലാസ്സ് 5, 6, 7

## ശാസ്ത്രപഠനം

**ലക്ഷ്യങ്ങൾ**

- → ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ
- → ശാസ്ത്രപഠനങ്ങളിലൂടെയുള്ള പഠനം സാധ്യമാക്കൽ
- → ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തൽ
- → 5, 6, 7 ക്ലാസ്സുകളിലെ പാഠ്യപദ്ധതിയിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പഠനനേട്ടങ്ങൾക്കും കുട്ടികളെ അർഹരാക്കുക
- → ശാസ്ത്ര സർഗ്ഗാത്മകതയ്ക്കുള്ള അവസരം നൽകുന്നു.
- → ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ പരിചയപ്പെടുത്തൽ
- → ശാസ്ത്ര ലൈബ്രറി നവീകരണം, ശാസ്ത്രലാബ് നവീകരണം
- → പ്രതിഭാശാലികളായ കുട്ടികളിൽ ഗവേഷണോത്സുകത വർധിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ഔഷധസസ്യങ്ങളെ തിരിച്ചറിയൽ വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ വിവിധ ആവാസവ്യവസ്ഥകൾ സന്ദർശനം എന്നിവയിലൂടെ ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്ബ് | |
| • ശാസ്ത്രപരീക്ഷണങ്ങളിലൂടെയുള്ള പഠനം സാധ്യമാക്കൽ | നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസ്സുകൾ നടത്തുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ തയ്യാറാക്കി എഴുതുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്ബ് | |
| *ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | *ഐ. സി ടിയുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരൻമാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | ജൂൺ മുതൽ | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്ബ് | |
| *5, 6, 7 ക്ലാസ്സുകളിലെ പാഠ്യപദ്ധതിയിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പഠന നേട്ടങ്ങൾക്കും കുട്ടികളെ അർഹരാക്കുക | അടിസ്ഥാന ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന തല അറിവ് പരീക്ഷിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. പാഠഭാഗങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ട് വർക്ക് ഷീറ്റുകൾ തയ്യാറാക്കി നൽകുന്നു. നിരന്തര മൂല്യനിർണ്ണയത്തിനാവശ്യമായ യൂണിറ്റ് ടെസ്റ്റുകൾ നടത്തുന്നു. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കാവശ്യമായ പിന്തുണ നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ സയൻസ് ക്ലബ്ബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ശാസ്ത്ര സർഗ്ഗാത്മകതക്കുള്ള അവസരം നൽകുന്നു | സ്കൂൾ ലൈബ്രറിയിൽ നിന്നും ശാസ്ത്ര അവബോധം വളർത്തുന്ന തരത്തിലുള്ള പുസ്തകങ്ങൾ കുട്ടികൾക്ക് നൽകുന്നു. ഐ സി ടി സാധ്യത പ്രയോജനപ്പെടുത്തി ശാസ്ത്രമാജിക്കുകൾ, ശാസ്ത്ര നാടകങ്ങൾ എന്നിവ കാണിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ സയൻസ് ക്ലബ്ബ് | |
| * ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ പരിചയപ്പെടുത്തൽ | * ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ വീഡിയോയിലൂടെ കാണിക്കുന്നു | ജൂൺ മുതൽ | സയൻസ് അധ്യാപകർ | |
| *ശാസ്ത്ര ലൈബ്രറി നവീകരണം | *കുട്ടികളിൽ ശാസ്ത്ര അവബോധം വർധിപ്പിക്കുന്നതിനായി ക്ലാസ്സുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ശാസ്ത്ര ലൈബ്രറി രൂപീകരിക്കുന്നു | അക്കാദമിക വർഷം | സയൻസ് ക്ലബ് | |
| *ശാസ്ത്രലാബ് നവീകരണം | ശാസ്ത്രലാബ് ആകർഷകമാക്കൽ ലാബ് നവീകരണത്തിലൂടെ ശാസ്ത്ര അവബോധം കുട്ടികളിൽ വർധിപ്പിക്കൽ | അക്കാദമിക വർഷം | സയൻസ് ക്ലബ് | |
| *പ്രതിഭാശാലികളായ കുട്ടികളിൽ ഗവേഷണോത്സുകത വർധിപ്പിക്കൽ | ശാസ്ത്രമേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തുന്നു | അക്കാദമിക വർഷം | സയൻസ് ക്ലബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | **എന്റെ അവധിക്കാലം**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരത്തിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്കുകളുടെയും നിർമാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| *പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | **വാർത്താലോകത്തേക്ക്**<br>പത്രം, ആഴ്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |
| | **വാർത്താവായന**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ്സ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ് | |
| | അതാതു മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്സ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ്സ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നു പ്രാവശ്യം | ഹെഡ്മിസ്ട്രസ്സ് മലയാളം അധ്യാപകർ | |
| *സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | **സംവാദം/മുഖാമുഖം**<br>സാഹിത്യകാരൻമാർ, എഴുത്തുകാർ, കലാകാരൻമാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്സ് മലയാളം അധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം

2025 – 2026

ക്ലാസ്സ് 5, 6, 7

## ലക്ഷ്യം : മലയാള ഭാഷാപരമായ ശേഷികളുടെ വികസനം

### ഉപ ലക്ഷ്യങ്ങൾ

- → ഒഴുക്കോടെയും തെറ്റില്ലാതെയും വായിക്കാനുള്ള ശേഷി നേടുന്നു.
- → ആശയ വ്യക്തതയോടെ തെറ്റില്ലാതെ എഴുതാനുള്ള ശേഷി നേടുന്നു
- → വിവിധ വ്യവഹാര രൂപങ്ങളിലുള്ള സൃഷ്ടികൾ, കൃതികൾ എന്നിവ വായിച്ച് ആസ്വദിക്കാനുള്ള ശേഷി നേടുന്നു.
- → വിവിധ സാഹചര്യ രൂപങ്ങളിലുള്ള സൃഷ്ടികൾ നടത്തുന്നതിനുള്ള ശേഷി നേടുന്നു.
- → ഗ്രാമീണ ഗ്രന്ഥശാലകളിലും സ്കൂൾ ലൈബ്രറിയിലുമുള്ള ഗ്രന്ഥങ്ങൾ വായിക്കാനും ആസ്വദിക്കാനുമുള്ള ശേഷി നേടുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മ ശേഷി വളർത്തലും | **ഇ - കമ്പ്യൂട്ടറിംഗ്** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ - മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ചു കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | രണ്ട് വർഷം<br>വർഷാവസാനം | മലയാളം, ഐ.ടി അധ്യാപകർ<br>മലയാളം അധ്യാപകർ | |
| *പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | **രംഗാവിഷ്ക്കാരം** പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരൻമാരെയും മറ്റ് കലാകാരൻമാരെയും പങ്കെടുപ്പിച്ചു കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക വർഷം | പി ടി എ സ്കൂൾ | |
| *കുട്ടികളുടെ ആകാശ വാണി മാർത്തോമ 1912 സ്കൂൾ റേഡിയോ അവതരണ മികവ് | **മാർത്തോമ 1912 സ്കൂൾ റേഡിയോ** വിശേഷദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വായിച്ച പുസ്തകങ്ങളിൽ എറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു | എല്ലാ ദിവസവും | ക്ലാസ്സ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഹിന്ദി

## 2025 – 2026

## ക്ലാസ്സ് 5, 6, 7

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| • യു.പി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | അക്ഷരം, എഴുത്ത്, ചിഹ്നം ഉറപ്പിക്കൽ, അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ് ക്ലാസ്സിൽ അക്ഷരമാല പദപ്രശ്നം ഓൺലൈൻ അക്ഷരമാല കളികൾ, വാക്കുകൾ എഴുതിയ കാർഡുകൾ വാക്കുക്കളുടെ നിർമ്മാണം വാക്യങ്ങളുടെ നിർമ്മാണം (കുട്ടികൾക്ക് പരിശോധിക്കാം) | ജൂൺ മുതൽ ആഗസ്റ്റ് വരെ | അക്ഷരചാർട്ട് പാഠപുസ്തകം | SCERT ആവശ്യമെങ്കിൽ Resorce Teacher |
| •വീട് ഒരു പരീക്ഷണശാല കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക | വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br><br>ICT സഹായത്തിലൂടെ വസ്തുക്കളെ പരിശീലിപ്പിക്കാനുള്ള അവസരം.<br><br>CWSN കുട്ടികളുടെ പങ്കാളിത്തം | സെപ്റ്റംബർ മുതൽ ഒക്ടോബർ വരെ | ഹിന്ദി നിഘണ്ടു | PTA, BRC, Resorce Teacher |
| *ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കുവാനും സർഗ്ഗാത്മ രചനകൾ വികസിപ്പിക്കുവാനുമുള്ള അവസരം | *ഹിന്ദി അസംബ്ലി ദിനാചരണങ്ങൾ (സെപ്റ്റംബർ 14 ജനുവരി 10) അധിക വായനാ സാമഗ്രികൾ ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ, ചിത്രം, അടിക്കുറിപ്പ് ചിത്രം കഥ എഴുതൽ, വായനാമൂല ഹിന്ദിക്ലബ്ബ് പ്രവർത്തനങ്ങൾ | നവംബർ മുതൽ ഫെബ്രുവരി വരെ | പുസ്തകങ്ങൾ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## അറബിക്

2025 – 2026

ക്ലാസ്സ് 5, 6, 7

# അറബിക്

## ആമുഖം

അന്തർദ്ദേശീയ രംഗത്ത് ഇംഗ്ലീഷിനൊപ്പം നിൽക്കുന്നതും ലോക ഭാഷകളിൽ മൂന്നാം സ്ഥാനം അലങ്കരിക്കുന്നതുമായ ഭാഷയാണ് അറബി. നമ്മുടെ മാതൃരാജ്യത്തിനു വേണ്ടി ഒട്ടനവധി സംഭാവനകൾ നൽകിയിട്ടുള്ള വൈദേശിക ഭാഷകളിൽ ശ്രദ്ധേയമായ ഭാഷ. അറബി ഭാഷയിലെ ചില പ്രയോഗങ്ങളും വാക്കുകളും നമ്മുടെ നിത്യജീവിതത്തിൽ ഇടം നേടിയിട്ടുള്ളതിൽ നിന്ന് ഇത് വ്യക്തം.

പ്രാചീന സെമറ്റിക് ഭാഷാകുടുംബത്തിൽ ഇന്നും സജീവമായി നിലനിൽക്കുന്ന ഏകഭാഷ അറബിയാണ്. സമ്പന്നമായ കലാസാഹിത്യ പാരമ്പര്യങ്ങളാലും ഈ ഭാഷ അനുഗ്രഹീതമാണ്. മുസ്തഫാ ലുത്ഫി അൽ മൻഫലൂത്വി (1876 - 1924) യുടെ കഥകളും അഹ്മദ് ശൗഖി (1869 - 1932) കവിതകളും മുഹമ്മദ് ഹുസൈൻ ഹൈക്കലി (1888-1956) ന്റെ നോവലുകളും തൗഫീഖുൽ ഹക്കീമി (1898 - 1987) ന്റെ നാടകങ്ങളും അറബി ഭാഷയെ വിശ്വസാഹിത്യത്തിന്റെ ചക്രവാളത്തിലേക്കുയർത്തിയ രചനകളിൽ ചിലത് മാത്രം. നോവൽ പുരസ്ക്കാര ജേതാവാണ് അറബി സാഹിത്യകാരനായ നജീബ് മഹ്ഫൂസ്. കുമാരനാശാന്റെ 'വീണപൂവ്', ശ്രീനാരായണ ഗുരുവിന്റെ 'ദൈവദശകം' തകഴിയുടെ 'ചെമ്മീൻ', ബെന്യാമിന്റെ 'ആടുജീവിതം' തുടങ്ങിയവ അറബി ഭാഷയിലും നമുക്കിന്ന് ലഭ്യമാണ്.

നമ്മുടെ വിദ്യാലയങ്ങളിൽ മറ്റു വിഷയങ്ങളോടൊപ്പം അറബി ഭാഷാ അറബി ഭാഷാ അധ്യയനവും മുന്നോട്ടു പോകുന്നുവെന്നത് വളരെ അഭിമാനകരവും അഭിനന്ദനീയവുമായ വസ്തുതയാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെയും വിദ്യാർത്ഥി ശാക്തീകരണത്തിന്റെയും പ്രഥമ പടിയായ അക്കാദമിക് മാസ്റ്റർ പ്ലാൻ നിർമ്മാണത്തിൽ ഏറെ പ്രധാനപ്പെട്ട ഒരിനമാണ് ഭാഷാപഠനം. ഭാഷാ അധ്യയന മേഖലയിൽ അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട സംഗതിയാണ് ഭാഷ സ്വായത്തമാക്കുന്നതിനുള്ള വ്യത്യസ്ത വഴികൾ ഉണ്ടാക്കുക എന്നത്.

ഭാഷാപഠനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തുകയും അതിന് പ്രതിവിധി ആരായുകയും ചെയ്യുക എന്നതും ഇതോടൊപ്പം ഉണ്ടാവേണ്ടതാണ്. അറബി ഭാഷാപഠനത്തിൽ ഉളവാകുന്ന ചില പ്രശ്നങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് കണ്ടെത്തിയ പ്രയാസങ്ങളും പ്രതിവിധികളും മുന്നിൽവെച്ച് തയ്യാറാക്കിയതാണ് ഇവിടെ ചേർക്കുന്ന അക്കാദമിക് മാസ്റ്റർ പ്ലാൻ.

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ സാമ്പത്തികം |
| --- | --- | --- | --- | --- |
| * ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബിഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക. | **1. മികവിന്റെ വഴിയിൽ**<br>- പ്രൈമറി തലം മുതൽ ഭാഷാശേഷികളുടെ വളർച്ച ഉറപ്പുവരുത്തുക<br>- മുന്നറിവ് പരിശോധിക്കൽ<br>- അക്ഷരങ്ങൾ ഉറപ്പിക്കൽ<br>- വാചകങ്ങൾ നിർമ്മിക്കൽ<br>- ഭാഷാ കളികൾ | രണ്ട് മാസം | പുസ്തകങ്ങൾ<br>വർക്ക് ഷീറ്റുകൾ<br>സിഡികൾ | BRC<br>LSG<br>PTA |
| *കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിൽ ഉറപ്പുവരുത്തുക | **2. വായനാവസന്തം**<br>- വായനാമത്സരം<br>- ക്ലാസ്സ് ലൈബ്രറി<br>- സ്കൂൾ ലൈബ്രറി<br>- ഇ - വായന<br>- വായന കുറിപ്പുകൾ<br>- അറബിക് പത്രവായന/റേഡിയോ | 6 മാസം | പത്രങ്ങൾ<br>മാസികകൾ<br>പുസ്തകങ്ങൾ<br>സ്കൂൾ ലൈബ്രറി | BRC<br>പൂർവ്വ വിദ്യാർത്ഥികൾ<br>PTA<br>AT |
| *വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ്സ്റൂമുകളിൽ ഒരുക്കുക | **3. എഴുത്തുത്സവം**<br>- എഴുത്തുകൂട്ടം<br>- പതിപ്പു നിർമ്മാണം<br>- വായന കുറിപ്പ് ശേഖരണം<br>- ചുമർ പത്രങ്ങൾ, പോസ്റ്ററുകൾ<br>- ഭാഷാകളികൾ | 12 മാസം | അസംബ്ലി<br>ചാർട്ടുകൾ<br>പത്രങ്ങൾ | BRC<br>പൂർവ്വ വിദ്യാർത്ഥികൾ<br>PTA<br>AT |
| *വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷാപഠന നേട്ടത്തിലൂടെ ഉറപ്പാക്കുക | **4. അറബിക് കമ്യൂണിക്കേഷൻ**<br>- ആശയവിനിമയ വേദി<br>- ഇ - ലിസണിംഗ്, സ്പീക്കിംഗ്<br>- അറബിക് അസംബ്ലി<br>- ഭാഷാപ്രദർശനം<br>- ഭാഷാക്യാമ്പ് | 24 മാസം | ഐ.ടി.സി<br>പുസ്തകങ്ങൾ<br>സിഡികൾ | BRC<br>SMC<br>PTA<br>AT |
| *ഭാഷാപഠനത്തിൽ ഐ ടി സിയുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക. സർഗ്ഗകഴിവുകൾ ഭാഷാപഠനത്തിലൂടെ വികസിപ്പിക്കുക | **5. ലാംഗ്വേജ് ലാബ്**<br>- സ്മാർട്ട് ക്ലാസ്സ്റൂം<br>- അറബി ഭാഷാ സാഹിത്യശേഖരങ്ങൾ<br>- ചിത്രീകരണങ്ങൾ, സിനിമ<br>- ആനിമേഷൻ<br>- സോഷ്യൽ മീഡിയ ആക്ടിവിറ്റീസ് | 36 മാസം | | BRC<br>SMC<br>AT |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഇംഗ്ലീഷ്

2025 – 2026

ക്ലാസ്സ് 5, 6, 7

## ACADEMIC MASTER PLAN - ENGLISH

| Aim | Activities | Month | Responsible person | Economic source |
|---|---|---|---|---|
| * To improve speaking skills and confidence in students. | * 5 minute talk on any topic | June | English Teacher | English Club |
| * To improve listening skills | * Listen to short audio clips or watch videos and answer comprehension questions. | July (weeklY) | | |
| | * Listen to phonetic sounds | July (weeklY) | | |
| * To improve speaking skills and confidence | * English Assembly | Through out the year | | |
| | * Quiz competitions | | | |
| * To improve reading skills | * Reading Corner<br>* Enhance reading fluency and pronounciation<br><br>by conducting a reading competition based on selected English passages.<br><br>* Use the possibilities of school radio (Verbal loud reading by the students) | August | English Teacher | English club |
| * To improve writing skills | * Improve sentence structure<br>* Practice for simple creative writing tasks like descriptive paragraphs, short stories and simple poetry. | November to January | | |

| Aim | Activities | Month | Responsible person | Economic source |
|---|---|---|---|---|
| * Differentiation and support | * Recognize and accommodate the diverse needs of students throught differentiated instruction, including accommodations and modifications for specially abled students.<br>* Provide additional support and resources such as small - group instruction, peer monitoring and remedial programmes to help struggling students. | Through out the year | English Teacher | English Club |
| Assessment and feed back | Design a range of assessment tasks and tools to measure student's language proficiency, comprehension, and writing skills. | Throughout the year | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## സംസ്കൃതം

## 2025 – 2026

## ക്ലാസ്സ് 5, 6, 7

# അക്കാദമിക മാസ്റ്റർ പ്ലാൻ - സംസ്കൃതം 2025-26

| ലക്ഷ്യം | പ്രവർത്തനം | സമയം/കാലം | ഭൗതികം |
|---|---|---|---|
| > പഠനനേട്ടങ്ങൾ ഉറപ്പു വരുത്തുന്നതിന് | > പഠനനേട്ടങ്ങൾ ഉറപ്പുവരുത്തുന്നതിന് മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ നടത്തുന്നു<br>> പരിമിതികൾ കണ്ടെത്തി പരിഹാരത്തിനാവശ്യമായ പഠനോപകണങ്ങൾ നിർമ്മിക്കുന്നു.<br>> വായനം, ലേഖനം എന്നീ മേഖലകളിൽ കൂടുതൽ വർക്ക് ഷീറ്റുകൾ ലഭ്യമാക്കുന്നു. അക്ഷരങ്ങളുടെ ഉച്ചാരണം കേൾക്കുവാനും ലേഖനം കാണുവാനും അവസരം നൽകുന്നു | എല്ലാ മാസവും ആദ്യ ആഴ്ചകളിൽ പാഠഭാഗവുമായി ബന്ധപ്പെട്ട് | > പാഠപുസ്തകം<br>> ചാർട്ട്<br>> വർക്ക് ഷീറ്റുകൾ<br>> ഐ സി ടി<br>> മൂല്യനിർണ്ണയം (നക്ഷത്ര ശേഖരം) |
| > പാഠഭാഗങ്ങൾ കൂടുതൽ ആകർഷകമായി പഠിക്കുന്നതിന് | > പലതരം വർക്ക് ഷീറ്റുകൾ സർക്കാർ തയ്യാറാക്കിയതും മറ്റുള്ളവർ തയ്യാറാക്കിയ മികച്ചവയും ലഭ്യമാക്കുന്നു.<br>> പാഠഭാഗങ്ങൾക്ക് സഹായകരമായ വീഡിയോ, ഓഡിയോ ഭാഗങ്ങൾ ലഭ്യമാക്കുന്നു<br>> നല്ല ആളുകളുമായി അഭിമുഖം നടത്തുന്നു<br>> പ്രദർശിനി സംഘടിപ്പിക്കുന്നു<br>> പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് പഠനയാത്രകൾ നടത്തുന്നു. | > എല്ലാമാസവും പാഠഭാഗവുമായി ബന്ധപ്പെട്ട് ഐ സി ടിയുടെ സഹായത്തോടെ | > പാഠപുസ്തകം<br>> വർക്ക് ഷീറ്റ്<br>> ഐ സി ടി<br>> എക്സിബിഷൻ |
| > കുട്ടികളുടെ കലാപരമായ കഴിവുകൾ വളർത്തുന്നതിന് | > നാടകം, കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>> വിദഗ്ദ്ധരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു<br>> പുസ്തകങ്ങൾ ലഭ്യമാക്കുന്നു<br>> ക്ലാസ്സിലും, വിദ്യാലയത്തിലും അവതരിപ്പിക്കുന്നു | > ആഴ്ചയിൽ ഒരിക്കൽ | > ഐ സി ടി<br>> അനുബന്ധ പുസ്തകങ്ങൾ<br>> എസ് ആർ ജി<br>> ലൈബ്രറി (ക്ലാസ്സ്റൂം)<br>> സംസ്കൃതം ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനം | സമയം/കാലം | ഭൗതികം |
|---|---|---|---|
| > മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ | > ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു<br>> എല്ലാ മാസവും ക്വിസ്സ് മത്സരം നടത്തുന്നു. നടത്തുന്നു<br>> താല്പര്യമുള്ള കുട്ടികൾക്ക് കൂടുതൽ ക്ലാസ്സുകൾ ലഭ്യമാക്കുന്നു<br>> മാതൃകാചോദ്യപേപ്പറുകൾ ലഭ്യമാക്കുന്നു. | പാഠഭാഗങ്ങളിൽ നിന്ന് നിരന്തര പ്രവർത്തനം | > വർക്ക് ഷീറ്റുകൾ<br>> ഐ സി ടി<br>> മാതൃകാ ചോദ്യപേപ്പറുകൾ |
| > ക്ലാസ്സ്റൂം ആകർഷകമാക്കുന്നതിന് | > പെയിന്റിംഗ്<br>> ലൈബ്രറി ഒരുക്കുന്നു<br>> സൗകര്യപ്രദമായ ഇരിപ്പിടം ഒരുക്കുന്നു<br>> കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ ഒരുക്കുന്നതിന് | > ആഴ്ചയിൽ ഒരിക്കൽ (രണ്ടാഴ്ച കൂടുമ്പോൾ) | > ലൈബ്രറി (ക്ലാസ്സ്റൂം)<br>> ചാർട്ടുകൾ<br>> എക്കോഫ്രണ്ട്ലി ക്ലാസ്സ്റൂം<br>> ഐ സി ടി |
| > പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ | > പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് അനുഗുണമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു. | > നിരന്തര പ്രവർത്തനം (ഐ സി ടി സഹായത്തോടെ) | > ചാർട്ടുകൾ<br>> വർക്ക് ഷീറ്റുകൾ<br>> പാഠപുസ്തകം<br>> ഐ സി ടി<br>> പ്രത്യേക പഠനോപകരണങ്ങൾ |















